**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 393** **13-01-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. ജോർജ്** | | **Dr. T. M. Thomas Isaac (ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
| (എ) | സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തികത്തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സർക്കാർ ഏതെങ്കിലും സംവിധാനം രൂപീകരിച്ചിട്ടുണ്ടോ; | (എ) | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി നിലവിൽ സംസ്ഥാനത്ത് കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2013 (KPID Act, 2013) നിലവിലുണ്ട്. എന്നാൽ 2019 ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ബഡ്സ് ആക്ട് (ബാനിംഗ് ഓഫ് അൺ റെഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീംസ് ആക്ട്) നിലവിൽ വന്നതോടെ, കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത ആക്ടിന്റെ ചുവട് പിടിച്ച് സംസ്ഥാനം ബഡ്സ് റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സ്റ്റേറ്റ് ബഡ്സ് റൂൾസ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ആഭ്യന്തര വകുപ്പ് സെക്രട്ടറി ശ്രീ.സഞ്ജയ്.എം.കൗളിനെ കോമ്പീറ്റന്റ് അതോറിറ്റിയായും, എല്ലാ ജില്ലാ കളക്ടർമാരേയും കോമ്പീറ്റന്റ് അതോറിറ്റിയെ സഹായിക്കുന്ന ഉദ്യോഗസ്ഥരായും നിയമിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 14 കോടതികളെ നിയമ നടപടികൾക്കായി ഡെസിഗ്നേറ്റഡ് കോർട്ടായി തിരുമാനിച്ചിട്ടുണ്ട്. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണങ്ങൾക്കായി നിലവിൽ ചരക്ക് സേവന നികുതി വകുപ്പ്, കേരള മണി ലെൻഡിംഗ് ആക്ട് 1958 പ്രകാരമാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. പ്രസ്തുത ആക്ട് 1958 പ്രകാരം ധനകാര്യ ഇടപാടുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും ഉത്തരവാദപ്പെട്ട അധികാരിയിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. നിയമത്തിലെ സെക്ഷൻ 4 (2A) പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് വെയ്ക്കേണ്ടതുണ്ട്. സ്ഥാപനത്തിന്റെ ബാധ്യതകൾ ആസ്തിയെക്കാൾ കൂടുന്ന പക്ഷം ആനുപാതികമായ സെക്യൂരിറ്റി സർക്കാരിലേക്ക് |

| | | | |
|---|---|---|---|
| | | | വെയ്ക്കേണ്ടതാണ്. സെക്ഷൻ 9 പ്രകാരം ധനകാര്യ സ്ഥാപനങ്ങൾ അവരുടെ എല്ലാ ഇടപാടുക ളേയും സംബന്ധിക്കുന്ന രേഖകൾ സൂക്ഷിക്കേ ണ്ടതും ആയവ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോഴും പരിശോധ നടത്തുന്ന സമയത്തും കാണിച്ച് ബോധ്യപ്പെടുത്തേ ണ്ടതുമാണ്. സെക്ഷൻ 14 പ്രകാരം ലൈസൻസ് റദ്ദാക്കാനും സെക്ഷൻ 18 പ്രകാരം വിവിധ ഇനങ്ങളിൽ പിഴ ഈടാക്കാനും അധികാരമുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ; | (ബി) | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി നിലവിൽ സംസ്ഥാനത്ത് കേരള പ്രൊട്ടക്ഷൻ ഓഫ് ഇന്ററസ്റ്റ് ഓഫ് ഡെപ്പോസിറ്റേഴ്സ് ഇൻ ഫിനാൻഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 2013 (KPID Act, 2013) നിലവിലുണ്ട്. എന്നാൽ 2019 ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ബഡ്സ് ആക്ട് (ബാനിംഗ് ഓഫ് അൺ റെഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീംസ് ആക്ട്) നിലവിൽ വന്നതോടെ, കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം പ്രസ്തുത ആക്ടിന്റെ ചുവട് പിടിച്ച് സംസ്ഥാനം ബഡ്സ് റൂൾസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സ്റ്റേറ്റ് ബഡ്സ് റൂൾസ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ആഭ്യന്തര വകുപ്പ് സെക്രട്ടറി ശ്രീ.സഞ്ജയ്.എം.കൗളിനെ കോമ്പീറ്റന്റ് അതോറിറ്റിയായും, എല്ലാ ജില്ലാ കളക്ടർമാരേയും കോമ്പീറ്റന്റ് അതോറിറ്റിയെ സഹായിക്കുന്ന ഉദ്യോഗസ്ഥരായും നിയമിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ 14 കോടതികളെ നിയമ നടപടികൾക്കായി ഡെസിഗ്നേറ്റഡ് കോർട്ടായി തിരുമാനിച്ചിട്ടുണ്ട്. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണങ്ങൾക്കായി നിലവിൽ ചരക്ക് സേവന നികുതി വകുപ്പ്, കേരള മണി ലെൻഡിംഗ് ആക്ട് 1958 പ്രകാരമാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. പ്രസ്തുത ആക്ട് 1958 പ്രകാരം ധനകാര്യ ഇടപാടുകൾ നടത്തുന്ന സ്വകാര്യ സ്ഥാപനങ്ങളും വ്യക്തികളും ഉത്തരവാദപ്പെട്ട അധികാരിയിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. നിയമത്തിലെ സെക്ഷൻ 4 (2A) പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് വെയ്ക്കേണ്ടതുണ്ട്. സ്ഥാപനത്തിന്റെ ബാധ്യതകൾ ആസ്തിയെക്കാൾ കൂടുന്ന പക്ഷം ആനുപാതികമായ സെക്യൂരിറ്റി സർക്കാരിലേക്ക് വെയ്ക്കേണ്ടതാണ്. സെക്ഷൻ 9 പ്രകാരം ധനകാര്യ സ്ഥാപനങ്ങൾ അവരുടെ എല്ലാ ഇടപാടുക ളേയും സംബന്ധിക്കുന്ന രേഖകൾ സൂക്ഷിക്കേ ണ്ടതും ആയവ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോഴും |

| | | | |
|---|---|---|---|
| | | | പരിശോധ നടത്തുന്ന സമയത്തും കാണിച്ച് ബോധ്യപ്പെടുത്തേ ണ്ടതുമാണ്. സെക്ഷൻ 14 പ്രകാരം ലൈസൻസ് റദ്ദാക്കാനും സെക്ഷൻ 18 പ്രകാരം വിവിധ ഇനങ്ങളിൽ പിഴ ഈടാക്കാനും അധികാരമുണ്ട്. |
| (സി) | സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുടെ സാമ്പത്തികത്തട്ടിപ്പുകൾ ഒഴിവാക്കുന്നതിനായി എല്ലാ ധനകാര്യസ്ഥാപനങ്ങളെയും ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി സർക്കാർതലത്തിൽ ഒരു ഏകീകൃത ധനകാര്യ ബോർഡ് രൂപീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിലുള്ള നിയമം കർശനമായി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ